# പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

## പി.എം.എ. വൈ (പ്രധാനമന്ത്രി ആവാസ് യോജന)

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2355      19.07.2016 ൽ മറുപടി പറയേണ്ടിയിരുന്നത്

ചോദ്യം      ഉത്തരം

| ശ്രീ. റ്റി.വി. രാജേഷ് | | ഡോ. കെ.ടി. ജലീൽ<br>(തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | പി.എം.എ.വൈ (പ്രധാനമന്ത്രി ആവാസ് യോജന) പ്രകാരം ഓരോ വീടിനും എത്ര രൂപ വീതമാണ് അനുവദിച്ചതെന്ന് വ്യക്തമാക്കാമോ ; | (എ) | പി.എം.എ.വൈ (അർബൻ) പദ്ധതിപ്രകാരം ഭവന നിർമ്മാണത്തിന് 3 ലക്ഷം രൂപയാണ് അനുവദിച്ചിട്ടുള്ളത്. ആയതിൽ കേന്ദ്ര സഹായം 1,50,000/- രൂപയും, സംസ്ഥാന സർക്കാരിന്റെ സഹായം 50,000/- രൂപയും, 50,000/- രൂപ ULB വിഹിതവും, 50,000/- രൂപ ഗുണഭോക്തൃ വിഹിതവുമാണ്. പ്രധാനമന്ത്രി ആവാസ് യോജന (ജി) പദ്ധതി പ്രകാരം വീടൊന്നിന് സമതലപ്രദേശങ്ങളിൽ 1,20,000/- രൂപയും ദുർഘട പ്രദേശങ്ങളിൽ 1,30,000/- രൂപയും കേന്ദ്ര സർക്കാർ അനുവദിക്കുന്നു. |
| (ബി) | പി.എം.എ. വൈ പ്രകാരം ഓരോ ജില്ലകളിലും വീട് അനുവദിക്കുന്നതിനായുള്ള മാനദണ്ഡം എന്താണെന്ന് വെളിപ്പെടുത്താമോ; | (ബി) | പി.എം.എ.വൈ (അർബൻ) പദ്ധതി അനുസരിച്ച് ഭവനരഹിതരായ എല്ലാവർക്കും ഭവനം നൽകുക എന്ന സർക്കാരിന്റെ ലക്ഷ്യം മുൻനിർത്തി ഒരു ഗുണഭോക്താവിന് താഴെ പറയുന്ന മാനദണ്ഡങ്ങൾ പാലിച്ച് വീട് അനുവദിക്കുന്നു.<br>1. ഗുണഭോക്താവ് സാമ്പത്തിക ദുർബല വിഭാഗക്കാരനോ (EWS-വാർഷിക വരുമാനം 3 ലക്ഷത്തിൽ താഴെ) താഴ്ന്ന വരുമാനക്കാരനോ (LIG-വാർഷിക വരുമാനം 6 ലക്ഷത്തിൽ താഴെ) ആയിരിക്കണം.<br>2. 3 വർഷമായി നഗരത്തിലെ സ്ഥിര താമസക്കാരായിരിക്കണം<br>3. ഗുണഭോക്തൃ കുടുംബത്തിലെ ആരുടെ പേരിലും ഇന്ത്യയിൽ എവിടെയും ഭവനം ഉണ്ടായിരിക്കാൻ പാടുള്ളതല്ല. |

| | | | |
|---|---|---|---|
| | | | പി.എം.എ.വൈ (ജി) പദ്ധതിയിൽ വീട് അനുവദിക്കുന്നത് 2011-ലെ സാമൂഹിക സാമ്പത്തിക ജാതി സെൻസസിലെ കണക്ക് പ്രകാരമാണ്. ഓരോ ജില്ലകൾക്കും വീട് അനുവദിക്കുന്നത് സാമൂഹിക സാമ്പത്തിക ജാതി സെൻസസ് ലിസ്റ്റിലെ ഭവന രഹിതരായ അർഹതയുള്ള ഗുണഭോക്താക്കളുടെ എണ്ണത്തിന് ആനുപാതികമായായിരിക്കും. |
| (സി) | 2016-17 വർഷത്തിൽ പ്രസ്തുത പദ്ധതി പ്രകാരം കല്ല്യാശ്ശേരി നിയോജക മണ്ഡലത്തിൽ എത്ര വീടാണ് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ? | (സി) | കല്ല്യാശ്ശേരി നിയോജക മണ്ഡലത്തിൽ നഗര പ്രദേശങ്ങൾ ഒന്നും തന്നെ ഇല്ലാത്തതിനാൽ പി.എം.എ.വൈ (അർബൻ) പദ്ധതി പ്രകാരം ഭവനങ്ങൾ നൽകിയിട്ടില്ല. സാമൂഹിക സാമ്പത്തിക ജാതി സെൻസസ് പ്രകാരമുള്ള പരിശോധനകൾ പൂർത്തിയാക്കി വിവരങ്ങൾ പി,എം,എ,വൈ (ജി) വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്തതിന് ശേഷം മാത്രമേ 2016-17 സാമ്പത്തിക വർഷത്തെ പി.എം.എ.വൈ (ജി) പദ്ധതിയുടെ ജില്ല തിരിച്ചുള്ള ഭൗതിക ലക്ഷ്യം കണക്കാക്കാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ